ടി.കെ ഉബൈദ്

## ഖുർആൻ ബോധനം

# 1104

# സൂറ - 37 / അസ്സ്വാഫ്ഫാത്ത്

### സൂക്തം: 83 - 93

മനസ്സ് ഏകനായ അല്ലാഹുവിനു മാത്രം സമർപ്പിച്ച് സംശുദ്ധമാക്കിയ ഇബ്റാഹീം നബിക്ക് സമൂഹത്തിലും കുടുംബത്തിലും നടമാടുന്ന അന്ധവിശ്വാസങ്ങളോടും അനാചാരങ്ങളോടും ഒട്ടും പൊരുത്തപ്പെടാനായില്ല. അനാചാരങ്ങൾക്കാധാരമാക്കി ജനങ്ങൾ ആരാധിച്ചിരുന്ന ദൈവങ്ങളെ ശത്രുക്കളായിട്ടാണ് കണ്ടത്.

وَإِنَّ مِن شِيعَتِهِۦ لَإِبْرَٰهِيمَ ﴿٨٣﴾

83. നൂഹിന്റെ ഗണത്തിൽ തന്നെയാകുന്നു ഇബ്റാഹീമും.

إِذْ جَآءَ رَبَّهُۥ بِقَلْبٍ سَلِيمٍ ﴿٨٤﴾

84. അദ്ദേഹം ശുദ്ധ ഹൃദയനായി തന്റെ നാഥനിലേക്ക് വന്നതിനാൽ.

إِذْ قَالَ لِأَبِيهِ وَقَوْمِهِۦ مَاذَا تَعْبُدُونَ ﴿٨٥﴾

85. അദ്ദേഹം സ്വപിതാവിനോടും സമുദായത്തോടും ചോദിച്ചു; എന്തിനെയാണ് നിങ്ങൾ ആരാധിക്കുന്നത്?

أَئِفْكًا ءَالِهَةً دُونَ ٱللَّهِ تُرِيدُونَ ﴿٨٦﴾

86. കേവലം മിഥ്യയെയാണോ നിങ്ങൾ അല്ലാഹുവിനെ വെടിഞ്ഞ് ദൈവങ്ങളായി തേടുന്നത്?

فَمَا ظَنُّكُم بِرَبِّ ٱلْعَٰلَمِينَ ﴿٨٧﴾

87. എങ്കിൽ സർവലോക വിധാതാവിനെക്കുറിച്ച് നിങ്ങൾക്കുള്ള വിശ്വാസം എന്താണ്?

**83-87**

وَإِنَّ مِن شِيعَتِهِ= അദ്ദേഹത്തിന്റെ (നൂഹിന്റെ) കക്ഷിയിൽ(ഗണത്തിൽ) പെട്ടവൻ (തന്നെ) ആകുന്നു
لَإِبْرَاهِيمَ= തീർച്ചയായും ഇബ്റാഹീമും إِذْ جَاءَ رَبَّهُ= അദ്ദേഹം തന്റെ നാഥനിലേക്കു വന്നതിനാൽ
بِقَلْبٍ سَلِيمٍ= സുരക്ഷിത (ശുദ്ധ) ഹൃദയ(നായിട്ട്)വും കൊണ്ട് إِذْ قَالَ= അദ്ദേഹം പറഞ്ഞതിനാൽ (ചോദിച്ചു)
لِأَبِيهِ وَقَوْمِهِ= സ്വപിതാവിനോടും സമുദായത്തോടും مَاذَا تَعْبُدُونَ= എന്തിനെയാണ് നിങ്ങൾ ആരാധിക്കുന്നത്
أَئِفْكًا= (കേവലം) മിഥ്യയെയാണോ آلِهَةً= ദൈവങ്ങളായിട്ട്
دُونَ اللَّهِ= അല്ലാഹുവിനെ കൂടാതെ (വെടിഞ്ഞ്) تُرِيدُونَ= നിങ്ങൾ ഉദ്ദേശിക്കുന്നത് (തേടുന്നത്)
فَمَا ظَنُّكُم= അപ്പോൾ (എങ്കിൽ) നിങ്ങളുടെ വിചാരം (വിശ്വാസം) എന്താണ്?
بِرَبِّ الْعَالَمِينَ= ലോകങ്ങളുടെ (സർവലോക) വിധാതാവിനെക്കുറിച്ച്

ഇനി അനുസ്മരിക്കുന്നത് ഇബ്റാഹീം നബി(അ)യെയാണ്. നൂഹിന്റെ ഗണത്തിൽ തന്നെയാണ് ഇബ്റാഹീമും എന്നു പറഞ്ഞുകൊണ്ടാണ് തുടക്കം. ആദർശചര്യകളിൽ ഒരാളെ പിന്തുണക്കുകയും ബഹുമാനിക്കുകയും അനുഗമിക്കുകയും ചെയ്യുന്നവരുടെ കൂട്ടമാണ് അയാളുടെ ശീഅഃ. ഈ പദം നേരത്തേ 14:10-ലും 28:4-ലും വന്നിട്ടുള്ളതാണ്.

ഇബ്റാഹീം (അ) നൂഹി(അ)ന്റെ ഗണത്തിൽ പെട്ടയാളാണ് എന്ന പ്രസ്താവന രണ്ടു പേർക്കുമുള്ള ബഹുമതിയാണ്. ഗണത്തിൽപെട്ടവൻ -مِن شِيعَتِهِ- എന്ന വാക്ക് ആ ഗണത്തിൽ വേറെയും ചിലരുണ്ടായിരുന്നുവെന്ന് സൂചിപ്പിക്കുന്നു. നൂഹ് നബിക്കും ഇബ്റാഹീം നബിക്കും ഇടയിൽ അനേകം പ്രവാചകന്മാർ ആഗതരായിട്ടുണ്ട്. ആ കൂട്ടത്തിൽ ഹൂദ്, സ്വാലിഹ്, ശുഐബ് പ്രവാചകന്മാരെ ഖുർആൻ സ്മരിച്ചിട്ടുണ്ട്. ഖുർആൻ ഈ പ്രവാചകന്മാരെ പരാമർശിക്കുന്നത് നൂഹ് നബിയെ പരാമർശിച്ച ശേഷവും ലൂത്വ് നബിയെ പരാമർശിക്കുന്നതിനു മുമ്പുമായിട്ടാണ്. ലൂത്വ് നബി ഇബ്റാഹീം നബിയുടെ സമകാലീനനായിരുന്നുവല്ലോ. ഒടുവിൽ പറഞ്ഞ ശുഐബ് നബി അദ്ദേഹത്തെ പരാമർശിക്കുന്നത് മറ്റു രണ്ടു നബിമാർക്കു ശേഷമായിട്ടാണ്:

وَيَا قَوْمِ لَا يَجْرِمَنَّكُمْ شِقَاقِي أَن يُصِيبَكُم مِّثْلُ مَا أَصَابَ قَوْمَ نُوحٍ أَوْ قَوْمَ هُودٍ أَوْ قَوْمَ صَالِحٍ ۚ وَمَا قَوْمُ لُوطٍ مِّنكُم بِبَعِيدٍ ﴿٨٩﴾

(എന്റെ ജനമേ, എന്നോടുള്ള വിരോധം, നൂഹിന്റെ ജനത്തെയോ ഹൂദിന്റെ ജനത്തെയോ സ്വാലിഹിന്റെ ജനത്തെയോ ബാധിച്ചതുപോലുള്ള വിപത്തു ബാധിക്കുന്നതിൽ നിങ്ങളെ എത്തിക്കാതിരിക്കട്ടെ. ലൂത്വിന്റെ ജനവും നിങ്ങളിൽ നിന്ന് ഏറെയൊന്നും അകലെയല്ലല്ലോ -11:89). ഇതുപോലെ വേറെയും പ്രവാചകന്മാരുണ്ടാവാം. അവരും അവരുടെ ശിഷ്യന്മാരുമെല്ലാം നൂഹിന്റെ കക്ഷിയിൽ പെട്ടവരാകുന്നു. അതുപോലെ ഇബ്റാഹീമികളും നൂഹ് നബിയുടെ വംശപരമ്പരയിൽ പെട്ടവരാണ്. കൽദായരുടെ ഊർ നഗരത്തിലാണ് ഇബ്റാഹീം (അ) ജനിച്ചു വളർന്നത്. അദ്ദേഹത്തിന്റെ പിതാവ് വിഗ്രഹശിൽപിയോ വിഗ്രഹാലയത്തിലെ പുരോഹിതനോ ആയിരുന്നു. നിംറോദ് എന്ന രാജാവായിരുന്നു അക്കാലത്ത് ഊർ ഭരിച്ചിരുന്നത്.

ഇബ്റാഹീം (അ) നൂഹിന്റെ കക്ഷിയിൽപെട്ടയാളായത് എന്തുകൊണ്ടാണെന്നാണ് തുടർന്നുള്ള വാക്യങ്ങൾ വ്യക്തമാക്കുന്നത്. വാക്യാരംഭങ്ങളിൽ إِذْ ശബ്ദം സന്ദർഭസൂചകമായും ഹേതുസൂചകമായും വരാറുണ്ട്. സന്ദർഭസൂചകമാകുമ്പോൾ അദ്ദേഹം വന്നപ്പോൾ എന്നാണ് إِذْ جَاءَ-യുടെ അർഥം. ഹേതുസൂചകമായി പരിഗണിച്ചാൽ വന്നതിനാൽ എന്നും. റബ്ബിങ്കലേക്കു വന്നു -جَاءَ رَبَّهُ- എന്നാൽ റബ്ബിലുള്ള വിശ്വാസവും ഭക്തിയും വിധേയത്വവും സ്വീകരിച്ചു. സുരക്ഷിതവും ശാന്തവും ശുദ്ധവും സമർപ്പിതവുമായതാണ് سَلِيم അസൂയ, വിദ്വേഷം, അത്യാർത്തി, മാത്സര്യം, കാപട്യം, പരനിന്ദ തുടങ്ങിയ മനോമാലിന്യങ്ങളിൽനിന്നെല്ലാം ശുദ്ധമായതും അല്ലാഹുവിലുള്ള ദൃഢവിശ്വാസത്താൽ പ്രകാശപൂരിതവും പ്രശാന്തവും അവനിൽ തന്നെ സമർപ്പിതവുമായ മനസ്സാണ് قَلْبٌ سَلِيم -സുരക്ഷിത മനസ്സ്. അത്തരം മനസ്സുള്ളവൻ-حنيف നിഷ്കളങ്കമായി അല്ലാഹുവിൽമാത്രം മനസ്സ് കേന്ദ്രീകരിച്ചവൻ എന്നും വിശേഷിപ്പിക്കപ്പെടും. ഖുർആൻ ഇബ്റാഹീം നബിയെ അങ്ങനെയും വിശേഷിപ്പിച്ചിട്ടുണ്ട്. ഉദാ:

مَا كَانَ إِبْرَاهِيمُ يَهُودِيًّا وَلَا نَصْرَانِيًّا وَلَٰكِن كَانَ حَنِيفًا مُّسْلِمًا

(ഇബ്റാഹീം ജൂതനായിരുന്നില്ല. ക്രിസ്ത്യാനിയുമായിരുന്നില്ല. പ്രത്യുത നിഷ്കളങ്കനായ സമർപ്പിതൻ (മുസ്‌ലിം) ആയിരുന്നു -3:67). ഈ സുരക്ഷിത മനസ്സ് -قَلْبٌ سَلِيم- ആണ് മനുഷ്യന് ആർജിക്കാവുന്ന ഏറ്റവും അമൂല്യമായ നേട്ടം. അതുമാത്രമാണ് അവനെ ദൈവപ്രീതിയിലും സ്വർഗലബ്ധിയിലും എത്തിക്കുന്നത്. ഇബ്റാഹീ(അ)നെ തന്നെ ഉദ്ധരിച്ചുകൊണ്ട് ഖുർആൻ പറയുന്നു:

وَلَا تُخْزِنِي يَوْمَ يُبْعَثُونَ ﴿٨٧﴾ يَوْمَ لَا يَنفَعُ مَالٌ وَلَا بَنُونَ ﴿٨٨﴾ إِلَّا مَنْ أَتَى اللَّهَ بِقَلْبٍ سَلِيمٍ ﴿٨٩﴾

(നാഥാ, ജനം ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന നാളിൽ എന്നെ അപമാനിക്കരുതേ, സമ്പത്തും സന്തതികളും പ്രയോജനപ്പെടാത്ത നാളിൽ; സുരക്ഷിത മനസ്സുമായി അല്ലാഹുവിങ്കലെത്തിയതല്ലാതെ -26:87-89).

മനസ്സ് ഏകനായ അല്ലാഹുവിനു മാത്രം സമർപ്പിച്ച് സംശുദ്ധമാക്കിയ ഇബ്റാഹീം നബിക്ക് സമൂഹത്തിലും കുടുംബത്തിലും നടമാടുന്ന അന്ധവിശ്വാസങ്ങളോടും അനാചാരങ്ങളോടും ഒട്ടും പൊരുത്തപ്പെടാനായില്ല. അനാചാരങ്ങൾക്കാധാരമാക്കി ജനങ്ങൾ ആരാധിച്ചിരുന്ന ദൈവങ്ങളെ ശത്രുക്കളായിട്ടാണ് കണ്ടത്. فَإِنَّهُمْ عَدُوٌّ لِّي إِلَّا رَبَّ الْعَالَمِينَ (അഖിലാണ്ഡ വിധാതാവൊഴിച്ചുള്ള ദൈവങ്ങളൊക്കെയും എന്റെ വൈരികളാകുന്നു -26:77) എന്ന് അദ്ദേഹം പരസ്യമായി പ്രഖ്യാപിച്ചു. സ്വപിതാവിനോടും സമുദായത്തോടും ചോദിച്ചു: നിങ്ങൾ ആരാധിക്കുന്ന ഈ വിഗ്രഹങ്ങൾ യഥാർഥത്തിൽ എന്താണ്? നിങ്ങളുടെ പ്രാർഥന അവ കേൾക്കുന്നുണ്ടോ? നിങ്ങളെ അനുഗ്രഹിക്കാനും നിഗ്രഹിക്കാനും അധികാരമുണ്ടോ, ശക്തിയുണ്ടോ അവക്ക്? ഇതൊന്നും ഉണ്ടെന്ന് തെളിയിക്കാൻ അവർക്ക് ഒരിക്കലും കഴിയില്ലല്ലോ. بَلْ وَجَدْنَا آبَاءَنَا كَذَٰلِكَ يَفْعَلُونَ (അതൊന്നും ഞങ്ങൾക്ക് അറിയില്ല, പക്ഷേ, പൂർവപിതാക്കൾ ഇപ്രകാരം ആചരിച്ചുവന്നത് ഞങ്ങൾ കണ്ടിട്ടുണ്ടല്ലോ -26:74) എന്നായിരുന്നു അവരുടെ ന്യായം. ഇബ്റാഹീം (അ) ചോദിച്ചു: അപ്പോൾ സാക്ഷാൽ ദൈവത്തെ വെടിഞ്ഞ് നിങ്ങൾ തേടുന്നത് കേവലം മിഥ്യകളെയാണെന്നോ? വ്യാജം, കൃത്രിമം, അർഥശൂന്യം തുടങ്ങിയ ആശയങ്ങൾ വഹിക്കുന്ന പദമാണ് إفك. ഇത് ചിലപ്പോൾ കർതൃപദമായും ചിലപ്പോൾ കർമപദമായും ഉപയോഗിക്കും. കർതൃപദമാകുമ്പോൾ മിഥ്യയായത് എന്നും കർമപദമാകുമ്പോൾ കെട്ടിച്ചമക്കപ്പെട്ടത് എന്നും അർഥമാകുന്നു. രണ്ടിന്റെയും സാരം ഒന്നുതന്നെ. أراد-ൽനിന്നുള്ള ക്രിയയാണ് تُرِيدُونَ. ഉദ്ദേശ്യമാണ് ഭാഷയിൽ أراد തേടുക, ആഗ്രഹിക്കുക, തുനിയുക, ആഗ്രഹിച്ചത് നേടാൻ ദൃഢനിശ്ചയമെടുക്കുക തുടങ്ങിയ പ്രയോഗാർഥങ്ങളുമുണ്ട്. ആരാധനാനുഷ്ഠാനങ്ങൾ കൊണ്ട് മിഥ്യകളെ ദൈവങ്ങളാക്കി അവയുടെ പ്രീതി പിടിച്ചുപറ്റാൻ ശ്രമിക്കുകയാണോ എന്നാണ് أَئِفْكًا آلِهَةً تُرِيدُونَ -ന്റെ താൽപര്യം.

അങ്ങനെയെങ്കിൽ പ്രപഞ്ചനാഥനായ ദൈവത്തെക്കുറിച്ച് നിങ്ങളുടെ വിശ്വാസം എന്താണ് എന്ന് തുടർന്ന് അദ്ദേഹം ജനത്തോട് ചോദിക്കുന്നു. ഊഹവും ഭാവനയുമാണ് ظن. അടിസ്ഥാനരഹിതമായ വിശ്വാസത്തെക്കുറിക്കാനും ഈ പദം ഉപയോഗിക്കാറുണ്ട്. അനിഷേധ്യമായ യാഥാർഥ്യങ്ങളെക്കുറിച്ചുള്ള ജ്ഞാനമാണ് വിശ്വാസം. യാഥാർഥ്യമല്ലാത്തതിനെക്കുറിച്ചുള്ള അറിവുകളൊന്നും വിശ്വാസമാകുന്നില്ല. അത് അവിദ്യയാണ്. വിഗ്രഹാരാധകരെയും ബഹുദൈവാരാധകരെയും നമ്മുടെ ഭാഷയിൽ വിഗ്രഹവിശ്വാസികൾ, ബഹുദൈവവിശ്വാസികൾ എന്നു പറയാറുണ്ടെങ്കിലും ഖുർആൻ അവരെ الذين يؤمنون بآلهة-بالاوثان എന്നു

പറയാറില്ല. الذين يعبدون-من دون الله-يدعون من دون الله -അല്ലാഹുവല്ലാത്തവരെ ആരാധിക്കുന്നവർ, പ്രാർഥിക്കുന്നവർ- എന്നാണ് പറയാറുള്ളത്. വിഗ്രഹാരാധന യഥാർഥ വിശ്വാസത്തിന്റെ, ജ്ഞാനത്തിന്റെ (الاعتقاد) അടിസ്ഥാനത്തിലുള്ളതല്ല. ഭാവനയും ഊഹവുമാണതിന്റെ അധിഷ്ഠാനം. إِن يَتَّبِعُونَ إِلَّا الظَّنَّ وَإِنْ هُمْ إِلَّا يَخْرُصُونَ (കേവല ഭാവനകളെയാണവർ പിന്തുടരുന്നത്. അനുമാനിക്കുക മാത്രമാണവർ ചെയ്യുന്നത് -6:116). إِنَّ الظَّنَّ لَا يُغْنِي مِنَ الْحَقِّ شَيْئًا (ഭാവനയാകട്ടെ, സത്യത്തിന്റെ യാതൊരു ഫലവും ചെയ്യുന്നില്ല -10:36).

ഇബ്റാഹീം (അ) ചോദിക്കുന്നതിതാണ്: സർവലോക വിധാതാവായ സാക്ഷാൽ ദൈവം സൃഷ്ടികളുടെ പ്രാർഥന നേരിട്ടു കേൾക്കുകയോ ആരാധന നേരിട്ടു സ്വീകരിക്കുകയോ ചെയ്യാൻ കഴിവുള്ളവനല്ലെന്നാണോ വിചാരിക്കുന്നത്? അതുകൊണ്ട് പ്രാർഥന കേൾക്കാനും ആരാധിക്കപ്പെടാനും അവൻ ഉപദൈവങ്ങളെ ഏർപ്പെടുത്തിയിരിക്കുകയാണെന്നോ? ഈ മഹാപ്രപഞ്ചത്തിന്റെ മുക്കുമൂലകളിലെ എല്ലാ അവസ്ഥാന്തരങ്ങളും കൃത്യമായി അറിയാനും കൈകാര്യം ചെയ്യാനും അവന്ന് സാധിക്കുകയില്ലെന്നോ? അതല്ലെങ്കിൽ കഴിവുകളും അധികാരങ്ങളും ഉണ്ടെങ്കിലും അവൻ നിങ്ങളുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും അവഗണിച്ചുകൊണ്ട് പീഡിപ്പിക്കുന്ന നിർദയനാണെന്നോ? അതുകൊണ്ട് സ്വന്തം നിലക്കോ സാക്ഷാൽ ദൈവത്തോട് ശിപാർശ ചെയ്തോ നിങ്ങളുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും പരിഹരിച്ചുതരുന്ന പല ദൈവങ്ങളെ നിങ്ങൾ തന്നെ സൃഷ്ടിച്ചിരിക്കുകയാണോ? നിങ്ങളുടെ ഈ വക വിശ്വാസങ്ങളൊക്കെയും വെറും ഭാവനകളാണ്. സാക്ഷാൽ ദൈവത്തെ അവന്റെ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തി അവരുടെ സ്വഭാവ പ്രകൃതികളിലൂടെയും പരിമിതികളിലൂടെയും വിഭാവന ചെയ്യുകയാണ് നിങ്ങൾ. ●

---

| | |
|---|---|
| 88. അദ്ദേഹം കൂലങ്കഷമായി ചിന്തിച്ചു. | فَنَظَرَ نَظْرَةً فِي ٱلنُّجُومِ ﴿٨٨﴾ |
| 89. എന്നിട്ടു പറഞ്ഞു; എനിക്കു സുഖമില്ല. | فَقَالَ إِنِّي سَقِيمٌ ﴿٨٩﴾ |
| 90. അതു കേട്ട് ജനം അദ്ദേഹത്തെ വിട്ട് പിന്തിരിഞ്ഞുപോയി. | فَتَوَلَّوْا عَنْهُ مُدْبِرِينَ ﴿٩٠﴾ |
| 91. അപ്പോൾ അദ്ദേഹം അവരുടെ ദൈവങ്ങളിലേക്ക് നുഴഞ്ഞു കടന്നു. എന്നിട്ടവരോട് ചോദിച്ചു; നിങ്ങൾ തിന്നുന്നില്ലയോ? | فَرَاغَ إِلَىٰٓ ءَالِهَتِهِمْ فَقَالَ أَلَا تَأْكُلُونَ ﴿٩١﴾ |
| 92. നിങ്ങൾക്കെന്തേ, മിണ്ടാട്ടവുമില്ലല്ലോ? | مَا لَكُمْ لَا تَنطِقُونَ ﴿٩٢﴾ |
| 93. എന്നിട്ടദ്ദേഹം അവരെ ഊക്കേറിയ വെട്ടുകൊണ്ടു നേരിട്ടു. | فَرَاغَ عَلَيْهِمْ ضَرْبًۢا بِٱلْيَمِينِ ﴿٩٣﴾ |

**88-93**

فَنَظَرَ نَظْرَةً فِي النُّجُومِ= ഒരു നോട്ടം നോക്കി (കൂലങ്കഷമായി ചിന്തിച്ചു)

فَقَالَ= എന്നിട്ട് പറഞ്ഞു إِنِّي سَقِيمٌ= ഞാൻ രോഗിയാകുന്നു (എനിക്കു സുഖമില്ല)

فَتَوَلَّوْا عَنْهُ= അപ്പോൾ അവർ (അതുകേട്ട് ജനം) അദ്ദേഹത്തെ വിട്ട് തിരിഞ്ഞു പോയി مُدْبِرِينَ= പിന്തിരിഞ്ഞവരായിട്ട്

فَرَاغَ إِلَىٰ آلِهَتِهِمْ= അപ്പോൾ അദ്ദേഹം അവരുടെ ദൈവങ്ങളിലേക്ക് നുഴഞ്ഞുകടന്നു

فَقَالَ= എന്നിട്ട് പറഞ്ഞു (അവരോട് ചോദിച്ചു) أَلَا تَأْكُلُونَ= നിങ്ങൾ തിന്നുന്നില്ലയോ?

مَا لَكُمْ= നിങ്ങൾക്കെന്തേ لَا تَنطِقُونَ= നിങ്ങൾ സംസാരിക്കുന്നില്ല (മിണ്ടാട്ടവുമില്ലല്ലോ)

فَرَاغَ عَلَيْهِمْ ضَرْبًا بِالْيَمِينِ= എന്നിട്ടവരെ വലംകൈ കൊണ്ട് വെട്ടിത്തുടങ്ങി (എന്നിട്ടവരെ ആഞ്ഞുവെട്ടാൻ തുടങ്ങി)

ഭക്തിയും വിധേയത്വവും പൂർണമായി അല്ലാഹുവിലർപ്പിച്ച ഇബ്റാഹീം (അ) വിഗ്രഹപൂജയോട് പുലർത്തിയ വിരോധം വ്യക്തമാക്കുന്ന ഒരു സംഭവം ഉദ്ധരിക്കുകയാണീ സൂക്തങ്ങൾ. ബഹുദൈവത്വത്തെ നിഷേധിക്കുന്ന ഉപരിസൂചിത ചോദ്യങ്ങൾ ഉയർത്തിയ ശേഷം ഒരിക്കൽ നാട്ടുകാർ അദ്ദേഹത്തെ ഒരുത്സവത്തിന് പോകാൻ വിളിച്ചു. ഒരുപക്ഷേ ഇബ്റാഹീം നബിയെ ഒന്നു പരീക്ഷിക്കാൻ തന്നെയാവാം അവരദ്ദേഹത്തെ ക്ഷണിച്ചത്. അദ്ദേഹത്തിന്റെ വിഗ്രഹ വിമർശനം ആളുകൾക്ക് അപ്പടി വിശ്വസിക്കാൻ കഴിഞ്ഞിരുന്നില്ല. قَالُوا أَجِئْتَنَا بِالْحَقِّ أَمْ أَنتَ مِنَ اللَّاعِبِينَ(ജനം ചോദിച്ചു: നീ കാര്യമായിട്ടു സംസാരിക്കുകയാണോ, അതോ തമാശ പറയുകയോ? -21:55). തമാശ പറഞ്ഞതാണെങ്കിൽ ഉത്സവത്തിനു വരും. ഇല്ലെങ്കിൽ വിസമ്മതിക്കുകയും വിമർശനം ആവർത്തിക്കുകയും ചെയ്യും. വിഗ്രഹങ്ങളുമായി ബന്ധപ്പെട്ട ആ ഉത്സവത്തിൽ പങ്കെടുക്കാൻ അദ്ദേഹത്തിന്റെ മനസ്സ് സമ്മതിച്ചില്ല. അപ്പോൾ, ഈ പരിപാടിയിൽനിന്ന് മാറിനിൽക്കാനും നാട്ടുകാരുടെ വിഗ്രഹാരാധനാ ഭ്രമം അവസാനിപ്പിക്കാനുമുള്ള മാർഗത്തെക്കുറിച്ചും അദ്ദേഹം സഗൗരവം ആലോചിച്ചു. فَنَظَرَ نَظْرَةً فِي النُّجُومِ-ന്റെ ഭാഷാർഥം 'അദ്ദേഹം നക്ഷത്രങ്ങളിൽ ഒരു നോട്ടം നോക്കി' എന്നാണ്. കൂലങ്കഷമായി ചിന്തിച്ചു എന്ന അർഥത്തിലുള്ള പ്രയോഗമാണിതെന്ന് പൂർവിക മുഫസ്സിറുകൾ ആധികാരികമായി വിശദീകരിച്ചിരിക്കുന്നു. ഗൗരവമുള്ള വിഷയം ചിന്തിക്കുമ്പോൾ മേൽപോട്ട് കണ്ണയക്കുന്ന സമ്പ്രദായത്തെ ആസ്പദിച്ചുള്ളതാണീ പ്രയോഗം.

എന്നാൽ മുഹമ്മദുൽ ഹസന്റെ വ്യാഖ്യാനം ഇങ്ങനെയാണ്: نَجَمَ(വെളിപ്പെട്ടു)-യുടെ ക്രിയാനാമമാണ് نجو. തന്നിലുദിക്കുന്ന ആശയത്തിലേക്ക് നോക്കി എന്നാണ് വചന താൽപര്യം. സഅ്‌ലബ് എന്ന പണ്ഡിതൻ പറഞ്ഞതിങ്ങനെ: 'ഇവിടെ نظر ഉത്സവത്തിന് ക്ഷണിച്ചവരുടെ വാക്കുകളിൽനിന്ന് വെളിപ്പെട്ട ആശയങ്ങൾക്കെതിരായ ന്യായം കണ്ടെത്താനുള്ള ചിന്ത - تفكّر- ആകുന്നു.' എല്ലാറ്റിന്റെയും സാരം ഇബ്‌റാഹീം (അ) സഗൗരവം ചിന്തിച്ചു എന്നുതന്നെയാണ്. ഉത്സവത്തിൽ പങ്കെടുക്കാതിരിക്കാൻ കണ്ടെത്തിയ മാർഗം തനിക്കു സുഖമില്ല എന്ന് ഒഴികഴിവ് പറയുകയായിരുന്നു. ഇപ്പറഞ്ഞത് കള്ളമായിരുന്നു എന്ന് പലരും പറയുന്നുണ്ട്. അദ്ദേഹം അപ്പോൾ പൂർണാരോഗ്യവാനായിരുന്നു എന്ന് ഉറപ്പായിട്ടു വേണമല്ലോ 'കള്ളം' ആരോപിക്കാൻ. അങ്ങനെയൊരു ഉറപ്പ് ആരാണവർക്കു കൊടുത്തത്? ശാരീരികവും മാനസികവുമായ എല്ലാ ആതുരതകളെയും കുറിക്കുന്ന പദമാണ് سقم തന്റെ ബദ്ധവൈരികളും മിഥ്യകളുമായ വിഗ്രഹങ്ങളെ മഹത്വപ്പെടുത്തിക്കൊണ്ടുള്ള ഉത്സവത്തിൽ പങ്കെടുക്കാനുള്ള മാനസിക പ്രയാസമുദ്ദേശിച്ചുമാവാം അദ്ദേഹം 'ഞാൻ രോഗിയാണ്' എന്നു പറഞ്ഞത്. ഉത്സവത്തിൽനിന്ന് വിട്ടുനിൽക്കുന്നതിൽ അദ്ദേഹത്തിന് മറ്റൊരു ലക്ഷ്യവും കൂടിയുണ്ടായിരുന്നു. വിഗ്രഹങ്ങളെ കൈകാര്യം ചെയ്യണമെന്ന് നേരത്തേ എടുത്ത തീരുമാനം നടപ്പാക്കുക. വിഗ്രഹങ്ങൾ സ്വയം രക്ഷിക്കാൻ പോലും കഴിവില്ലാത്ത മിഥ്യകൾ മാത്രമാണെന്ന് ജനങ്ങൾക്ക് ബോധ്യമാകുന്ന വിധത്തിൽ അവയെ ഒരിക്കൽ കൈകാര്യം ചെയ്യണമെന്ന് ഇബ്‌റാഹീം നബി നേരത്തേ പദ്ധതിയിട്ടിരുന്നു. تَاللَّهِ لَأَكِيدَنَّ أَصْنَامَكُم بَعْدَ أَن تُوَلُّوا مُدْبِرِينَ (അല്ലാഹുവാണ, നിങ്ങളുടെ വിഗ്രഹങ്ങളോട് ഞാനൊരു സൂത്രം പ്രയോഗിക്കുന്നുണ്ട്; നിങ്ങൾ പിരിഞ്ഞുപോയശേഷം -21:57) എന്ന് ശപഥമെടുക്കുകയും ചെയ്തിരുന്നു. ഉത്സവസമയത്ത് ഭക്തന്മാരും പുരോഹിതന്മാരും പൂജാരികളുമെല്ലാം ക്ഷേത്രം വിട്ട് ഉത്സവസ്ഥലത്തേക്ക് പോകുമല്ലോ. ഈ സന്ദർഭത്തിൽ അനായാസം ക്ഷേത്രത്തിൽ കടന്ന് വിഗ്രഹഭഞ്ജനം നടത്താം.

ഇബ്‌റാഹീം നബി (അ) നക്ഷത്രങ്ങളിൽ നോക്കിയത് ഗ്രഹനില നൽകുന്ന സൂചനക്കു വേണ്ടിയായിരുന്നുവെന്നും അവയിൽനിന്ന് ലഭിച്ച സൂചനയനുസരിച്ചാണ് താൻ രോഗിയാണെന്നു പറഞ്ഞതെന്നും ചിലർ വ്യാഖ്യാനിച്ചിട്ടുണ്ട്. ഈ വ്യാഖ്യാനത്തെ ആധാരമാക്കി, ജ്യോത്സ്യത്തെ യഥാർഥവും അനുവദനീയവുമായ ശാസ്ത്രമായി സ്ഥാപിക്കാൻ علم احكام الفلك (ഗ്രഹവിധി ശാസ്ത്രം) എന്ന പേരിൽ വിപുലമായ ഒരു കപടശാസ്ത്രം ക്രോഡീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. എന്നാൽ വസ്തുക്കളിലോ വ്യക്തികളിലോ സമുദായങ്ങളിലോ ഉണ്ടാകുന്ന മാറ്റങ്ങൾ നക്ഷത്രങ്ങളിലൂടെ അറിയാൻ കഴിയുമെന്ന് സൂചിപ്പിക്കുന്ന യാതൊന്നും ഈ സൂക്തങ്ങളിലില്ല. നക്ഷത്രങ്ങളിലൂടെ അഭൗതികമായി കാര്യങ്ങൾ അറിയാൻ കഴിയുമെന്നത് ബഹുദൈവത്വപരമായ ഒരന്ധവിശ്വാസമാണ്. അഭൗതിക കാര്യങ്ങൾ അല്ലാഹുവല്ലാതെ ആരും അറിയുന്നില്ല- لايعلم الغيب الاّ الله എന്ന് ഖുർആൻ അർഥശങ്കക്കിടമില്ലാത്തവിധം പ്രസ്താവിച്ചിട്ടുണ്ട്. അഭൗതിക ജ്ഞാനം ഭൗതിക സൃഷ്ടികളിൽ ആരോപിക്കുന്നതുകൊണ്ടാണ് ജ്യോത്സ്യം ബഹുദൈവത്വപരമായ ആചാരമാകുന്നത്. സൂര്യചന്ദ്രനക്ഷത്രാദികളൊന്നും ദൈവമായിരിക്കാൻ യോഗ്യരല്ലെന്ന് രാജാവിന്റെ മുന്നിൽ പരസ്യമായി പ്രഖ്യാപിച്ച ഇബ്‌റാഹീം (അ) തന്റെ പ്രശ്നത്തിന് പരിഹാരം തേടി നക്ഷത്രങ്ങളെ ആശ്രയിച്ചു എന്നത് തികച്ചും യുക്തിശൂന്യവും പൂർവാപരവിരുദ്ധവുമായ നിഗമനമാകുന്നു. നക്ഷത്രങ്ങളാണ് അദ്ദേഹത്തിന് വഴികാട്ടിയതെങ്കിൽ, അഗ്നിപ്രവേശനത്തിനു ശേഷം നാടുവിടുമ്പോൾ, ഏതു വഴിക്കു നീങ്ങണമെന്നു തീരുമാനിക്കാനും അദ്ദേഹം നക്ഷത്രങ്ങളിലേക്കു നോക്കേണ്ടതാണ്. പക്ഷേ, إِنِّي ذَاهِبٌ إِلَىٰ رَبِّي سَيَهْدِينِ (ഞാനെന്റെ നാഥങ്കലേക്കു ഗമിക്കുന്നു, തീർച്ചയായും അവൻ എന്നെ മാർഗദർശനം ചെയ്യും) എന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹം പ്രയാണമാരംഭിക്കുന്നത്.

തനിക്കു സുഖമില്ലെന്നറിയിച്ചപ്പോൾ അതു വിശ്വസിച്ച് ജനം അദ്ദേഹത്തിൽനിന്ന് പിന്തിരിഞ്ഞ് ഉത്സവസ്ഥലത്തേക്കു പോയി. അടുത്തു, പിൻപറ്റി എന്നർഥമുള്ള وَلِيَ എന്ന മൂലത്തിൽനിന്ന് ഉത്ഭവിച്ച പദങ്ങളിലൊന്നായ تَوَلَّى-യുടെ ബഹുവചനമാണ് تولّوا. പരസ്പരവിരുദ്ധമായ അർഥങ്ങളിൽ ഉപയോഗിക്കുന്ന പദമാണ് تولى. ഉദാ; تولّى الامر എന്നാൽ ചുമതല ഏറ്റെടുത്തു. تولى عنه അയാളെ ഒഴിവാക്കി, അവഗണിച്ചു. ഇവിടെ ഒഴിവാക്കി എന്നാണുദ്ദേശ്യം. أدبر-യുടെ ബഹുവചന കർതൃപദമാണ് مُدْبِرِينَ. പൃഷ്ഠഭാഗം പരാമൃഷ്ട വസ്തുവിനു നേരെ തിരിച്ച് അകന്നുപോവുക(പിന്തിരിഞ്ഞുപോവുക)യാണ് إِدْبَار. പിന്മാറ്റത്തിന്റെ (وَلِّي-യുടെ) ആശയത്തിന് ഊന്നൽ നൽകുന്നതിനുവേണ്ടി تولى عنه مدبرا എന്നു പറയും. ചില ഭാഷാഭിജ്ഞരുടെ അഭിപ്രായത്തിൽ تولى عنه-ന് അവഗണിച്ചു എന്നേ അർഥം വരൂ, സ്ഥലംവിട്ടു എന്നു വരില്ല. അദ്ദേഹത്തെ അവഗണിച്ചതോടൊപ്പം സ്ഥലംവിടുകയും ചെയ്തു എന്നുറപ്പിക്കാനാണ് مدبرين എന്നു ചേർത്തത്. ജനം സ്ഥലംവിട്ട സന്ദർഭത്തിൽ ഇബ്‌റാഹീം (അ) ക്ഷേത്രത്തിലേക്ക് പതുങ്ങിക്കയറി. فَرَاغَ إِلَىٰ آلِهَتِهِمْ എന്നാണ് മൂലവാക്യം. روغ-روغان (മറ്റുള്ളവരുടെ കണ്ണുവെട്ടിച്ച് കടന്നുകളയുക)-ൽനിന്നുള്ള ക്രിയയാണ് راغ. ആരും കാണാതെ ഒരിടത്തേക്ക് പതുങ്ങിച്ചെല്ലുന്നതിനും നുഴഞ്ഞുകയറുന്നതിനും راغ الى എന്നു പറയും. ജനം ദൈവങ്ങളാക്കി ആരാധിക്കുന്ന വിഗ്രഹങ്ങളുടെ സമീപത്തേക്ക് നുഴഞ്ഞുകയറി എന്നാണ് رَاغَ إِلَىٰ آلِهَتِهِمْ-ന്റെ ആശയം. വിഗ്രഹങ്ങൾക്കു മുമ്പിൽ ധാരാളം നിവേദ്യങ്ങളുണ്ടായിരുന്നു. അതുകണ്ട് അദ്ദേഹം അവയോടു ചോദിച്ചു. ഓ, ദൈവങ്ങളേ, നിങ്ങൾക്കു സമർപ്പിച്ച ഈ മുന്തിയ നിവേദ്യങ്ങളൊന്നും നിങ്ങൾ തിന്നാത്തതെന്തേ? അവയിൽനിന്ന് ഉത്തരം പ്രതീക്ഷിച്ചുകൊണ്ടുള്ളതല്ല; പരിഹസിച്ചുകൊണ്ടുള്ളതായിരുന്നു ഈ ചോദ്യം. ആ മിണ്ടാ ശിലകളോട് വീണ്ടും ചോദിച്ചു: എന്തേ നിങ്ങളാരും ഒന്നും മിണ്ടുന്നുമില്ലല്ലോ. തുടർന്ന്, വിളമ്പിക്കൊടുക്കുന്നതു തിന്നാൻ കഴിയാത്ത, ചോദിച്ചാൽ മിണ്ടാൻ കഴിയാത്ത നിങ്ങൾ എന്തു ദൈവങ്ങൾ എന്ന മട്ടിൽ അവയെ ഊക്കിൽ വെട്ടിവീഴ്ത്തി. ഏറ്റവും വലിയ വിഗ്രഹത്തെ മാത്രം ഉടക്കാതെ നിലനിർത്തി. فَجَعَلَهُمْ جُذَاذًا إِلَّا كَبِيرًا لَّهُمْ لَعَلَّهُمْ إِلَيْهِ يَرْجِعُونَ (അദ്ദേഹം വിഗ്രഹങ്ങൾ തുണ്ടംതുണ്ടമാക്കിയിട്ടു; അവയിൽ പെരിയതിനെ ഒഴിച്ച്; ജനം ആ വിഗ്രഹത്തിലേക്ക് മടങ്ങാൻ -21:58). അതിനുശേഷം മഴു ആ 'മഹാദേവ'ന്റെ കഴുത്തിലണിയിക്കുകയും ചെയ്തുവെന്ന് കഥകൾ പറയുന്നു. راغ على എന്നുപയോഗിച്ചിരിക്കുന്നത് 'നേരിട്ടു' എന്ന അർഥത്തിലാണ്. കീഴടക്കി എന്നും അർഥമാവാം. يمين ഇവിടെ ശക്തിയാണ്. വിഗ്രഹങ്ങളെ ഊക്കിൽ ആഞ്ഞു വെട്ടിവീഴ്ത്തിക്കൊണ്ടു നേരിട്ടു എന്നാണ് فَرَاغَ عَلَيْهِمْ ضَرْبًا بِالْيَمِينِ-ന്റെ താൽപര്യം. ●